25,000 രൂപയും വീട് പൂർണ്ണമായി നഷ്ടപ്പെട്ടവർക്ക് 15,000 രൂപയും ഭാഗികമായി നഷ്ടം സംഭവിച്ചവർക്ക് 5,000 രൂപയും നഷ്ടപരിഹാരമായി നല്കുന്നു. മരണമടയുന്ന പ്രായപൂർത്തിയായവരുടെ ആശ്രിതർക്ക് 50,000 രൂപയും പ്രായപൂർത്തിയാകാത്തവരുടെ ബന്ധുക്കൾക്ക് 15,000 രൂപയും ധനസഹായമായി നല്കുന്നു. കാലവർഷക്കെടുതിമൂലം 40 ശതമാനത്തിനുമേൽ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 25,000 രൂപ ധനസഹായമായി നല്കിവരുന്നു. മൃഗസംരക്ഷണ മേഖലയിലെ നഷ്ടങ്ങൾക്ക് മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള ധനസഹായവും കൃഷി നാശം നേരിട്ടവർക്ക് അനുവദനീയമായ നഷ്ടപരിഹാരവും നല്കുന്നുണ്ട്.

(ബി) കടലാക്രമണത്തിനിരയായ കുടുംബങ്ങളെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി പാർപ്പിക്കുകയും അവർക്കാവശ്യമായ വസ്ത്രം, ആഹാരം, മരുന്നുകൾ എന്നിവ വിതരണം ചെയ്യുകയും അതോടൊപ്പം കടലാക്രമണം തടയുന്നതിനാവശ്യമായ ഫലപ്രദമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു. വീട് നഷ്ടപ്പെട്ടവർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും വീട് പുനർനിർമ്മിക്കുന്നതിന് ധനസഹായം വിതരണം ചെയ്യുന്നതാണ്.

(സി) കാലവർഷക്കെടുതിയാൽ ജോലിക്ക് പോകുവാൻ സാധിക്കാത്തവർക്ക് സൗജന്യ റേഷൻ അനുവദിക്കാറുണ്ട്.

ഉടുമ്പൻചോല മണ്ഡലത്തിലെ വിവിധ വില്ലേജുകളിലെ കാലവർഷക്കെടുതികൾ

3 (1942) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ വിവിധ വില്ലേജുകളിലായി 2001-02 വർഷങ്ങളിൽ കാലവർഷക്കെടുതിയിൽ എത്ര വീടുകൾ പൂർണ്ണമായി തകർന്നു ; എത്ര തുകയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) വില്ലേജ് അധികാരികൾ കണക്കാക്കിയ നാശനഷ്ടക്കണക്കനുസരിച്ച് എത്ര ആളുകൾക്ക് നഷ്ടപരിഹാര തുക നല്കി ;

(സി) പ്രസ്തുത ആളുകൾക്ക് ഗഡുക്കളായാണോ തുക അനുവദിച്ചത് ; എങ്കിൽ എത്ര ഗഡുക്കൾ നല്കി ; എത്ര ഗഡുക്കൾ നല്കാനുണ്ട് ;

(ഡി) ഇനിയും നഷ്ടപരിഹാര തുക നല്കുവാനുണ്ടോ ; എങ്കിൽ സീനിയോറിറ്റി അനുസരിച്ചുള്ള ലിസ്റ്റും നല്കിയ തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2001 - 133 - 17,40,000 രൂപ

2002 - 11 - 1,22,000 രൂപ

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2001 - 129

2002 - 3

(സി) അതെ. 3 ഗഡുക്കളായാണ് നല്കാറുള്ളത്.

2001 ചിലർക്ക് 2 ഗഡു

2002 ചിലർക്ക് 1 ഗഡു എന്ന കണക്കിന് നല്കാനുണ്ട്.

(ഡി) ഉണ്ട്. (വിശദാംശങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്.) *

റവന്യൂ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

4 (1943) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഏതൊക്കെ റവന്യൂ ഓഫീസുകൾ ഇതിനകം കമ്പ്യൂട്ടർ വൽക്കരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) കമ്പ്യൂട്ടർവൽക്കരണത്തിലൂടെ എന്തൊക്കെ സേവനങ്ങളാണ് ജനങ്ങൾക്ക് ലഭ്യമാക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഡി) കമ്പ്യൂട്ടർവൽക്കരണം നടന്ന സ്ഥലങ്ങളിൽ നേരത്തേയുണ്ടായിരുന്നതിനേക്കാൾ എത്രകാലം മുമ്പ് ഓരോരോ സേവനവും ജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട് എന്ന് വിശദമാക്കുമോ ;

(ഇ) റവന്യൂ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലനം നൽകിയ ശേഷമാണോ കമ്പ്യൂട്ടറൈസേഷൻ നടത്തിയതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണത്തിനായി ആകെ 298.82 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടറേറ്റുകളിലും താലൂക്ക് ആഫീസുകളിലും കമ്പ്യൂട്ടറുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) ഇദംപ്രഥമമായി പൊതുജനങ്ങൾക്ക് ആവശ്യമായി വരുന്ന 20 ഓളം സാക്ഷ്യപത്രങ്ങൾ നാഷണൽ ഇൻഫർമാറ്റിക് സെന്റർ വികസിപ്പിച്ചെടുത്ത് സ്വിഫ്റ്റ് എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ച് വികസനം ചെയ്തുവരുന്നുണ്ട്. കൂടാതെ ഡാറ്റാ എൻട്രി പൂർത്തീകരിച്ചാലുടൻതന്നെ കൈവശാവകാശ രേഖകൾ (റിക്കാർഡ് ഓഫ് റൈറ്റ്) കമ്പ്യൂട്ടർ വഴി നൽകുവാനും സാധിക്കുന്നതാണ്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly